ഇന്ന് വിക്ടേഴ്സ് ചാനലിൽ വന്ന മലയാളം ക്ലാസിന്റെ ഉള്ളടക്കവും തുടർപ്രവർത്തനങ്ങളും
29-09-2020
കേരള പാഠാവലി-X
പാവങ്ങൾ - 03

- മുൻ ക്ലാസിൽ പറഞ്ഞ ആശയങ്ങളും നൽകിയ തുടർപ്രവർത്തനവും ഓർമ്മപ്പെടുത്തി.

✝ വെള്ളിപ്പാത്രങ്ങൾ മോഷ്ടിച്ചുകൊണ്ടോടിപ്പോയ ഴാങ് വാൽ ഴാങിനും മെത്രാന്റെ ഭവനത്തിലുള്ളവർക്കും പിന്നീട് എന്താണ് സംഭവിച്ചത് എന്ന് വിശദീകരിച്ചു.

▶ മദാം മഗ്ല്വാർ , വെള്ളപ്പാത്രങ്ങൾ മോഷ്ടിക്കപ്പെട്ടത് മെത്രാനെ ഉണർത്തി.
▶ ഴാങ് വാൽ ഴാങ് വലിച്ചെറിഞ്ഞ കൊട്ടവീണ് കേടുവന്ന ചെടിയെ വ്യസനത്തോടെ പരിചരിക്കുകയായിരുന്ന മെത്രാൻ .

✝ മെത്രാന്റെ ആ പ്രവർത്തി നൽകുന്ന സൂചനകൾ വിശദമാക്കി.
■ ജീവനില്ലാത്ത ഒന്നിന്റെ നഷ്ടത്തിലോ ലഭ്യതയിലോ മെത്രാന് താത്പര്യമില്ല.
■ ഒരു സസ്യത്തോടടക്കം , ജീവനുള്ള മുഴുവൻ വസ്തുക്കളോടും മെത്രാനുള്ള സ്നേഹവും കരുണയും.

✝ -ആ വെള്ളി സാമാനങ്ങൾ നമ്മുടേതായിരുന്നോ ?
അത് പാവങ്ങളുടേതാണ്.
ആ വന്നയാൾ കാഴ്ച്ചയിൽ തന്നെ പാവമായിരുന്നു. -

മദാം മഗ്ല്വാറോട് മെത്രാൻ പറയുന്ന ഈ വാക്കുകളിൽ അദ്ദേഹത്തിന്റെ എന്തു മനോഭാവമാണ് പ്രകടമാകുന്നതെന്ന് വിശദീകരിച്ചു.

■ ഇത് ക്രിസ്തുവിന്റെ ഭവനമാകയാൽ ഇവിടെ എല്ലാവർക്കും സ്ഥാനമുണ്ട്
■ ഇവിടെയുള്ളതെല്ലാം മറ്റുള്ളവർക്ക് കൂടി ഉള്ളതാണ്.
■ വിലപിടിപ്പുള്ളവയുടെ സൂക്ഷിപ്പുകാരൻ മാത്രമാണ് ഞാൻ.
■ ആരും ഒന്നിന്റെയും സ്ഥിരം ഉടമകൾ അല്ല.
■ ദൈവീക വിഭവങ്ങൾക്ക് എല്ലാവർക്കും തുല്യ അവകാശമുണ്ട്.
■ വിലപിടിപ്പുള്ളവ സൂക്ഷിക്കുകയല്ല, പാവങ്ങൾക്ക് നൽകുകയാണ് വേണ്ടത്.

- മെത്രാനിൽ വെളിവാകുന്ന വിശ്വമാനവികത എന്ന കാഴ്ചപ്പാടിനെ കുറിച്ച് സൂചിപ്പിച്ചു.

✝ -ഒരു കഷ്ണം അപ്പം ഒരു കോപ്പ പാലിൽ എടുത്തു മുക്കുന്നതിന് ഒരാൾക്ക് മരം കൊണ്ടുള്ള ഒരു മുള്ളും കയ്യും കൂടി ആവശ്യമില്ല -

മെത്രാന്റെ ഈ വാക്കുകളിലെ ജീവിത ദർശനം വിശദമാക്കി.
■ ജീവിതാവശ്യങ്ങൾക്ക് കുറച്ച് വിഭവങ്ങളും വസ്തുക്കളുമേ ആവശ്യമുള്ളൂ.

■ ലാളിത്യം ജീവിതത്തെ ആഹ്ലാദപൂർണ്ണമാക്കുന്നു.
■ മൂല്യമേറിയവ കരുതി വെക്കുന്നത് ജീവിതത്തെ സങ്കീർണ്ണമാക്കും
■ വെള്ളി സാമാനങ്ങളുടെ കുറവ് ജീവിതത്തെ ഒരിക്കലും പ്രതികൂലമായി ബാധിക്കില്ല.
■ ജീവിതത്തിൽ ഭൗതിക വസ്തുക്കൾക്ക് വലിയ പ്രാധാന്യമില്ല.

✝ മെത്രാന്റെ നിലപാടുകൾ മദാം മഗ്ലോറിന് സ്വീകാര്യമായിരുന്നില്ല.
✝ കുറേ നേരം കഴിഞ്ഞപ്പോൾ പോലീസുകാർ ഴാങ് വാൽ ഴാങ്ങിനെ മെത്രാന്റെ വീട്ടിലേക്ക് തെളിവെടുപ്പിനായി കൊണ്ടുവന്നു.
✝ പോലീസുകാരൻ മെത്രാനെ അഭിസംബോധന ചെയ്ത വാക്കിന്റെ അർത്ഥം വിശദമാക്കി.

**[*] മോൺസിന്യോർ :**

പോപ്പ് മുഖ്യപുരോഹിതന് അനുഗ്രഹിച്ച് നൽകുന്ന ബഹുമാന സൂചകമായ സ്ഥാനപ്പേര്.

✝ ഞാൻ ആ വെള്ളിക്കാലുകൾ അയാൾക്ക് സമ്മാനമായി നൽകിയതാണ് എന്ന് പറഞ്ഞു കൊണ്ട് ലഭിക്കുമായിരുന്ന തടവിൽ നിന്നും ശിക്ഷയിൽ നിന്നും ഴാങ് വാൽ ഴാങ്ങിനെ മെത്രാൻ മോചിപ്പിച്ചു.

- ◆ മെത്രാന്റെ വിശാലമായ മനസ്സും , മാനവികമായ കാഴ്ച്ചപ്പാടും അദ്ദേഹത്തിന്റെ മഹത്വവും ഔന്നിത്യവും വർദ്ധിപ്പിക്കുന്നു.

✝ മെത്രാൻ തന്റെ വെള്ളി മെഴുകുതിരിക്കാലുകൾ കൂടി ഴാങ് വാൽ ഴാങിന് നൽകുന്നു.
■ നന്മയുടെയും കാരുണ്യത്തിന്റെയും മെഴുകുതിരിക്കാലുകളായിരുന്നു അവ.
☺ മെത്രാന്റെ വാക്കുകളും പ്രവൃത്തിയും ഴാങ് വാൽ ഴാങ്ങിനെ അമ്പരപ്പിക്കുകയും അതിയായി അത്ഭുതപ്പെടുത്തുകയും ചെയ്തു.

✝ എപ്പോഴും നിങ്ങൾക്ക് മുൻവാതിലിലൂടെ ഈ ഭവനത്തിലേക്ക് കടന്നുവരാം . വാതിൽ പൂട്ടാറില്ല. –
ഴാങ് വാൽ ഴാങ്ങിനോടുള്ള മെത്രാന്റെ ഈ വാക്കുകളുടെ അന്തരാർത്ഥങ്ങൾ വിശദമാക്കി
■ ജീവിതത്തിലെ വളഞ്ഞ വഴികൾ ഒഴിവാക്കി നേർവഴിയിലൂടെ സഞ്ചരിക്കുക.
■ എല്ലാവരെയും തുല്യരായി കാണുന്ന, എല്ലാം എല്ലാവർക്കുമായി പങ്കു വെക്കുന്ന, ആരെയും ഹൃദയപൂർവം സ്വീകരിക്കുന്ന ഭവനമാണിത്.
■ പൂട്ടാത്ത വാതിൽ പൂട്ടാത്ത മനസ്സിന്റെ പ്രതീകമാണ്.
■ 'ലോകമേ തറവാട്' എന്ന ദർശനം മെത്രാനിൽ വെളിപ്പെടുന്നു.

✝ മെത്രാന്റെ സ്നേഹവും കാരുണ്യവും ഴാങ് വാൽ ഴാങിൽ സ്വാധീനമുണ്ടാക്കുന്നു.
✝ ഒരു സത്യവാനായിരിക്കുമെന്ന് ഈ ക്ഷണം നിങ്ങൾ മനസ്സിൽ പ്രതിജ്ഞ ചെയ്തത് മറക്കരുതേ എന്നും ഒരിക്കലും മറന്നു പോകരുതേയെന്നും മെത്രാൻ ഴാങ് വാൽ ഴാങ്ങിനെ ഓർമ്മപ്പെടുത്തുന്നതിന്റെ പൊരുൾ വ്യക്തമാക്കി.

■ ഇനി ഒരിക്കലും താങ്കളുടെ ജീവിതത്തിൽ അസത്യത്തിന് സ്ഥാനമുണ്ടാകരുത് എന്ന ഓർമ്മപ്പെടുത്തലാണത്.

- 'പാവങ്ങൾ' എന്ന നോവലിലെ തുടർന്നുള്ള കഥ സംഗ്രഹിച്ച് അവതരിപ്പിച്ചു.

➡ ഴാങ് വാൽ ഴാങ് 'എം' പട്ടണത്തിൽ എത്തുന്നു.
➡ അവിടെ വിലകുറഞ്ഞ ആഭരണങ്ങൾ നിർമ്മിക്കുന്ന ഒരു ഫാക്ടറി ആരംഭിക്കുന്നു.
➡ അന്നാട്ടിലെ പാവം ജനങ്ങൾക്ക് തൊഴിൽ നൽകുന്നു.
➡ ധനവാനാകുകയും ഫാദർ മദലിയൻ എന്നറിയപ്പെടുകയും ചെയ്യുന്നു.
➡ ഫ്രാൻസിലെ രാജാവ് ഴാങ് വാൽ ഴാങിനെ എം പട്ടണത്തിന്റെ മേയറാക്കുന്നു.
➡ഴാവേർ എന്ന പോലീസ് ഉദ്യോഗസ്ഥൻ ഴാങ് വാൽ യാങിനെ പിന്തുടരുന്നു.
➡ഴർവി എന്ന ബാലന്റെ നാല്പത് സൂ നാണയം തട്ടിയെടുത്തതുമായി ബന്ധപ്പെട്ട് ഴാങ് വാൽ ഴാങ് അറസ്റ്റു വരിക്കുകയും ശിക്ഷയുടെ ഭാഗമായി ഓറിയോൺ എന്ന കപ്പലിലേക്ക് അയക്കപ്പെടുകയും ചെയ്യുന്നു.
➡ കപ്പലിൽ നിന്നും സാഹസികമായി രക്ഷപ്പെടുന്ന ഴാങ് വാൽ ഴാങ് പിന്നീടുള്ള ജീവിതത്തിൽ കാരുണ്യ പ്രവർത്തനങ്ങൾ നടത്തുന്നു.
➡ കാമുകനാൽ വഞ്ചിക്കപ്പെട്ട ഫന്തീൻ എന്ന യുവതിയുടെ മകളെ , തെനാർദിയർ എന്ന കുറ്റവാളിയായ സത്ര ഉടമയിൽ നിന്നും മോചിപ്പിക്കുന്നു.
➡ കൊസത്ത് എന്ന ആ പെൺകുട്ടിയെ സ്വന്തം മകളെപ്പോലെ വളർത്തുന്നു.
➡ കൊസത്ത് മരിയൂസ് പോങ് മെർസി എന്ന ചെറുപ്പക്കാരനുമായി പ്രണയത്തിലാകുന്നു.
➡ കൊസത്ത് തന്നിൽ നിന്നകന്നാലോ എന്ന ചിന്തയാൽ ഴാങ് വാൽ ഴാങ് മരിയൂസിനെ ഒഴിവാക്കാൻ ശ്രമിക്കുന്നു.
➡ ഫ്രഞ്ച് വിമോചന സമരത്തിൽ പങ്കെടുത്ത് പട്ടാളക്കാരിൽ നിന്നും വെടിയേറ്റ മരിയൂസിനെ ഴാങ് വാൽ ഴാങ് രക്ഷപ്പെടുത്തുന്നു.
➡ മരിയൂസിന് കൊസത്തിനെ വിവാഹം ചെയ്തു കൊടുക്കുന്നു.
➡ തന്റെ ജീവിത കഥ ഴാങ് വാൽ ഴാങ് മരിയൂസിനോട് പറയുന്നു.
➡ഴാണ് വാൽ ഴാങ് ഒരു കുറ്റവാളിയാണെന്ന് അറിയുന്നതോടെ മരിയൂസ് കൊസത്തിനെ അയാളിൽ നിന്നും അകറ്റുന്നു.
➡ കൊസത്തിനെ നഷ്ടപ്പെട്ട ഴാങ് വാൽ ഴാങ് മാനസികമായും ശാരീരികമായും തകരുന്നു.
➡ തെനാർദിയറിൽ നിന്നും തന്നെ രക്ഷിച്ചത് ഴാങ് വാൽ ഴാങാണെന്ന് തിരിച്ചറിഞ്ഞ മരിയൂസ് ഒടുവിൽ കൊസത്തിനൊപ്പം ഴാങ് വാൽ ഴാങിന് മുന്നിലെത്തുന്നു.
➡ കൊസത്തിനെയും മരിയൂസിനേയും അനുഗ്രഹിച്ച് ഴാങ് വാൽ ഴാങ് അന്ത്യയാത്രയാകുന്നു.

✝ ഴാങ് വാൽ ഴാങ് എന്ന കഥാപാത്രത്തിന്റെ എന്തൊക്കെ സവിശേഷതകളാണ് നിങ്ങളെ ആകർഷിച്ചത് എന്ന ചോദ്യത്തിലൂടെ അയാളിലെ
സ്നേഹം - ത്യാഗം- സഹനം - കാരുണ്യം തുടങ്ങിയ ഗുണങ്ങളെ വ്യക്തമാക്കിയതോടൊപ്പം ആ കഥാപത്രത്തെ സമഗ്രമായി വിശകലനം ചെയ്തു.

- വിശപ്പ് കാരണം റൊട്ടി മോഷ്ടിച്ചതിന്റെ പേരിൽ കഠിന ശിക്ഷയ്ക്ക് വിധിക്കപ്പെട്ടയാൾ
- താനനുഭവിച്ച കഠിന ശിക്ഷയ്ക്ക് സമൂഹവും നീതി വ്യവസ്ഥയുമാണ് കുറ്റക്കാർ എന്നു കരുതുന്നയാൾ.
- മെത്രാന്റെ കാരുണ്യത്താൽ മാനസാന്തരപ്പെടുന്നയാൾ
- സഹനവും കാരുണ്യവും കൊണ്ട് അശരണർക്ക് ആശ്രയമാകുന്നയാൾ.
- സഹനവഴിയിലൂടെ ജീവിത ദുരന്തത്തെ മറികടക്കാമെന്ന് കരുതുന്നയാൾ.
- സ്നേഹിച്ചവരുടെ അകൽച്ചയിൽ മാനസികമായി തകർന്നു പോകുന്നയാൾ.
- തന്നെ വേട്ടയാടിയവരോടും കാരുണ്യം കാണിക്കുന്നയാൾ.
- കഥാപാത്ര നിരൂണം തയ്യാറാക്കുമ്പോൾ ഉൾചേർക്കേണ്ട കാര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കി

■ കഥയിലെ കഥാപാത്രത്തിന്റെ സ്ഥാനം

■ കഥാപാത്രത്തിന്റെ വാക്ക് പ്രവൃത്തി, സ്വഭാവം

■ മറ്റുകഥപാത്രങ്ങളുമായുള്ള ബന്ധം, സമീപനം

■ ജീവിത കാഴ്ച്ചപ്പാട്

■ കഥാകൃത്ത് / നോവലിസ്റ്റ് നൽകുന്ന സൂചനകൾ

■ സ്വന്തം നിരീക്ഷണം.

തുടർ പ്രവർത്തനം :

1. ഴാങ് വാൽ ഴാങ് എന്ന കഥാപാത്രത്തെ വിലയിരുത്തി കഥാപാത്ര നിരൂപണം തയ്യാറാക്കുക ?

■ നവാസ് മന്നൻ
GHSS ശ്രീകണ്ഠപുരം